ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം.

| | |
|---|---|
| വിഷയം:- | ആ.വ.ഡ. - ജീവനക്കാര്യം - ശ്രീമതി. ശ്രീഷ്മ. വി.കെ-യ്ക്ക് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ നിന്നും കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിച്ച നൽകിയ പ്രാബല്യതീയതി ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു. |
| പരാമർശം:- | 1) ഉത്തരവ് നം. ഇ.എസ്2-9775/2023/ആ.വ.ഡ, തീയതി, 24/08/23<br>2) ഉത്തരവ് നം. ഇഡി4-10257/2023/ആ.വ.ഡ,തീയതി, 27/06/23<br>3) നം. ഇ.എൽ2/3846/2025/ആ.വ.ഡ, തീയതി, 22/08/25 |

ഉത്തരവ് നം :ഇഡി4 -26952/2025/ആ.വ.ഡ.,തീയതി: 11-11-2025

–

കോഴിക്കോട് മലാപ്പറമ്പ് ആരോഗ്യ കുടുംബക്ഷേമ പരിശീലന കേന്ദ്രത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 1 ശ്രീമതി. ശ്രീഷ്മ.വി.കെ. കോഴിക്കോട് ജില്ലാ പി.എസ്.സി.ഓഫീസറുടെ അഡ്വൈസ് പ്രകാരം കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ കേരള നിയമസഭാ സെക്രട്ടറിയേറ്റിൽ 18/10/2013 ൽ ജോലിയിൽ പ്രവേശിച്ചു. മാതൃ ജില്ലയായ കോഴിക്കോട് നിയമസഭാ സെക്രട്ടറിയേറ്റിന് ഓഫീസ് ഇല്ലാത്തതിനാൽ കോഴിക്കോട് ആരോഗ്യ കുടുംബക്ഷേമ പരിശീലന കേന്ദ്രത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിൽ അന്തർവകുപ്പ് സ്ഥലംമാറ്റം ലഭിക്കുകയും 02/08/2019 ൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

2. ശ്രീമതി. ശ്രീഷ്മ. വി.കെ-യ്ക്ക് പരാമർശം (1) കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II സീനിയോറിറ്റി ലിസ്റ്റ് പ്രകാരം 01/06/2023 പ്രാബല്യത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 1 തസ്തികയിലേയ്ക്ക് പരാമർശം (2) ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ചു. എന്നാൽ 24/09/2024- ലെ ഉ.പ.സി3/100/2024/പി&എ ആർ ഡി. നം. സർക്കുലർ പ്രകാരം അന്തർ വകുപ്പ് സ്ഥലംമാറ്റം ലഭിക്കുന്ന ജീവനക്കാർക്ക് ആദ്യ അഡ്വൈസ് തീയതി അടിസ്ഥാനമാക്കി സീനിയോറിറ്റി സംരക്ഷിച്ച് നൽകേണ്ടതാണ് എന്ന്

ഉത്തരവായതിനാൽ ശ്രീമതി. ശ്രീഷ്മ. വി.കെ-യ്ക്ക് അഡ്വൈസ് തീയതി പ്രകാരമുള്ള സീനിയോറിറ്റിക്ക് അർഹതയുള്ളതിനാൽ ആരോഗ്യവകുപ്പിൽ 30/04/2019 വരെയുള്ള കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിലെ സീനിയോറിറ്റി പട്ടികയിൽ ശ്രീമതി. ശ്രീഷ്മ. വി.കെ-യെ റാങ്ക് നം 2 A ആയി ഉൾപ്പെടുത്തി പരാമർശം (3) പ്രകാരം ഉത്തരവായി. മേൽ സാഹചര്യത്തിൽ ശ്രീമതി. ശ്രീഷ്മ. വി.കെ-യ്ക്ക് സീനിയോറിറ്റി ലിസ്റ്റിൽ ടിയാളുടെ തൊട്ടടുത്ത ജൂനിയറായിട്ടുള്ള ശ്രീമതി. ശ്രീജ. എസ്-ന് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 1 തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയ 01/06/2019 പ്രാബല്യതിയതിയിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 1 തസ്തികയിലേയ്ക്കു് നോഷണൽ പ്രൊമോഷൻ അനുവദിച്ച് ഉത്തരവാകുന്നു. ടിയാൾക്ക് കെ.എസ്. ആർ. ഭാഗം 1 ചട്ടം 23 (സി) പ്രകാരം ശമ്പളത്തിന്റേയും ആനുകൂല്യങ്ങളുടേയും കുടിശ്ശികയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല. എന്നാൽ നോഷണൽ പ്രൊമോഷന്റെ പ്രാബല്യതീയതി അടിസ്ഥാനപ്പെടുത്തി ടിയാളുടെ ശമ്പള നിർണ്ണയം നടത്തേണ്ടതാണ്.

പ്രൊമോഷൻ പ്രാബല്യതീയതി പുനഃക്രമീകരിച്ചത് (നോഷണൽ) സംബന്ധിച്ച വിവരങ്ങൾ ടി ജീവനക്കാരിയുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും ഉത്തരവിന്റെ പകർപ്പ് സാക്ഷ്യപ്പെടുത്തി പതിപ്പിക്കേണ്ടതുമാണ്.

Signed by
M . Abul Kalam
Date: 11-11-2025 11:37:28
SENIOR ADMINSTRATIVE OFFICER

സ്വീകർത്താവ്: ബന്ധപ്പെട്ട ജീവനക്കാരി

പകർപ്പ് :
1. ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക്
2. ഫയൽ/കരുതൽ ഫയൽ